തീരുമാനത്തോടുകൂടി മരിച്ചവരുടെ നിർദ്ധനരായ കുടുംബങ്ങളേയും പരിക്കേറ്റവരേയും സഹായിക്കുന്നതിനുവേണ്ടിയുള്ള തീരുമാനം ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, ഇടുക്കി ജില്ലയിലെ കുളമാവിൽ വച്ചുണ്ടായ വാഹനാപകടത്തിൽ മരണമടഞ്ഞ ബാലകൃഷ്ണന്റെയും ഗീതയുടെയും കുടുംബങ്ങൾക്ക് അടിയന്തര സഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5,000 രൂപ വീതം നൽകിയിട്ടുണ്ട്. പരിക്കേറ്റ മറ്റ് 31 പേരെ തൊടുപുഴ സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. മരണമടഞ്ഞ വ്യക്തികളുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും അർഹമായ ധനസഹായം അനുവദിക്കുന്ന കാര്യം ക്യാബിനറ്റ് യോഗത്തിൽ വച്ച് തീരുമാനിക്കുന്നതാണെന്നുള്ള വിവരം ബഹുമാനപ്പെട്ട അംഗത്തെ അറിയിച്ചു കൊള്ളുന്നു.

(2) രാജീവ്ഗാന്ധി കണ്ടെയ്നർ ടെർമിനലിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സംരക്ഷണം

മി. ഡെപ്യൂട്ടി സ്പീക്കർ : പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. എ. എം. യൂസഫും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ ഈ ജനുവരിയിൽ ഉദ്ഘാടനം ചെയ്യുന്നു എന്ന് പറയുന്നത് വളരെയധികം അഭിമാനത്തോടും സന്തോഷത്തോടുംകൂടിയാണ് കേരളത്തിലെ ജനങ്ങൾ കാണുന്നത്. ആ തുറമുഖത്ത് ഉരുത്തിരിഞ്ഞുവരുന്ന ഒരു വലിയ സംഭവവികാസം അങ്ങയുടെ ശ്രദ്ധയിലും അതുപോലെ സഭയുടെ ശ്രദ്ധയിലും കൊണ്ടുവരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. പതിനായിരത്തോളം തൊഴിലാളികളുടെ ഭാവി ആശങ്കയിലാകുന്ന ഒരു സമിതിവിശേഷമാണ് ഇന്ന് അവിടെയുള്ളത്. അവിടെ ബൾക്ക് ഗുഡ്സ് കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടപ്പെടാൻ പോകുന്നത്. ചേർത്തല, കൊച്ചി, കണ്ണൂർ താലൂക്കുകളിലെ പതിനായിരം കുടുംബങ്ങളിൽ നിന്നുള്ള പതിനായിരം തൊഴിലാളികളാണ് അവിടെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നത്. വാസ്തവത്തിൽ സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും വളരെ അടിയന്തരമായി ഇതിൽ ശ്രദ്ധ വച്ചില്ലെങ്കിൽ വളരെ ഭീതിജനകമായ ഒരു സമിതിവിശേഷം അവിടെ ഉണ്ടാകും. അവിടത്തെ തുറമുഖ തൊഴിലാളികളുടെ എല്ലാ പാർട്ടിയിലുംപെട്ട, യൂണിയനിലുംപെട്ട തൊഴിലാളി യൂണിയനുകൾ സംയുക്തമായിട്ട് പണിമുടക്കിന് നോട്ടീസ് നൽകുകയും ഇന്ന് അർദ്ധരാത്രി മുതൽ കൊച്ചി തുറമുഖം നിശ്ചലമാകുന്ന സമിതിയിലേക്ക് പോകുകയുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി പ്രശ്നം ചർച്ച ചെയ്യും എന്നുപറഞ്ഞാൽ തൊഴിലാളി യൂണിയനുകൾ ആ സമരം മാറ്റിവയ്ക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അങ്ങ് ഇടപെട്ടുകൊണ്ട് ജില്ലയിലും സ്റ്റേറ്റിലുമൊക്കെയുള്ള ജനപ്രതിനിധികൾ, മന്ത്രിമാർ അതേപോലെ തൊഴിലാളി യൂണിയൻ നേതാക്കൾ ഉൾപ്പെടെ കേന്ദ്രത്തിന്റെയും

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെയും പ്രതിനിധികളടങ്ങുന്ന ഒരു ഉന്നതതലയോഗം വിളിച്ചുകൂട്ടി ഈ പ്രശ്നം ചർച്ചചെയ്ത് പരിഹാരമുണ്ടാക്കിയില്ലെങ്കിൽ വളരെയധികം ഭീതി ജനകമായ സ്ഥിതിവിശേഷത്തിലേക്ക് കേരളം പോകും എന്നുള്ള കാര്യം ഓർമ്മിപ്പിക്കുകയും അങ്ങയുടെ ഭാഗത്തുനിന്ന് ഒരു നടപടി ഇക്കാര്യത്തിൽ ഉടൻ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. അതോടൊപ്പംതന്നെ കണ്ടോട്ടേജ് ആക്ടിൽ ഭേദഗതി വരുത്താനുള്ള നീക്കം ഒരുവിധത്തിലും കേരള സംസ്ഥാനം അനുവദിക്കരുതെന്നുകൂടി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, കൊച്ചി തുറമുഖത്തെ രാജീവ്ഗാന്ധി കണ്ടെയ്നർ ടെർമിനൽ വല്ലാർപാടത്തേയ്ക്ക് മാറ്റപ്പെടുമ്പോൾ നിലവിൽ കൊച്ചി തുറമുഖത്ത് ജോലി ചെയ്യുന്ന കണ്ടെയ്നർ ജോലിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾക്കും steamer agent-ന്റെ കീഴിൽ ജോലി ചെയ്യുന്നവർക്കും General Purpose Mazdoor തുടങ്ങിയ ജോലികൾ ചെയ്യുന്ന പതിനായിരത്തിലധികം വരുന്ന തൊഴിലാളികൾക്കും തൊഴിൽ നഷ്ടപ്പെടുമെന്ന ആശങ്കയിലാണ്. നിരവധി തവണ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലും ചർച്ചകൾ നടത്തുകയുണ്ടായി. വല്ലാർപാടം പദ്ധതി വരുന്നതോടുകൂടിതന്നെ നിലവിലെ രാജീവ്ഗാന്ധി കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനം നിലനിർത്തി തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തണമെന്നുള്ളതാണ് യൂണിയനുകളുടെ പ്രധാന ആവശ്യം. രാജീവ്ഗാന്ധി കണ്ടെയ്നർ ടെർമിനൽ പ്രവർത്തിക്കാൻ സാഹചര്യമില്ലെങ്കിൽ നിർദ്ദിഷ്ട വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനലിൽ ഇവർക്ക് തൊഴിൽ സംരക്ഷണം വേണമെന്നുള്ളതാണ് യൂണിയനുകളുടെ ആവശ്യം. മേൽപ്പറഞ്ഞ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തൊഴിലാളികൾ 26-12-2010 അർദ്ധരാത്രിമുതൽ പണിമുടക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. പണിമുടക്ക് നോട്ടീസ് ലഭിച്ച ഉടൻ തൊഴിൽ വകുപ്പ് ഇടപെടുകയും 23-12-2010-ൽ റീജണൽ ജോയിന്റ് ലേബർ കമ്മീഷണർ തലത്തിൽ ഒരു അനുരഞ്ജന യോഗം ചേരുവാൻ തീരുമാനിക്കുകയും ചെയ്തു. യൂണിയനുകൾ അവരുടെ നിലപാടിൽ ഉറച്ചു നിൽക്കുകയാണ്. ഒത്തുതീർപ്പിൽ എത്തുന്നതിനുള്ള ശ്രമങ്ങൾ തുടർന്ന് നടത്തുന്നതാണ്. ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറിയെക്കൊണ്ട് ഒരു യോഗം വിളിപ്പിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. അതിനനുസരിച്ചുള്ള അറിയിപ്പ് ബന്ധപ്പെട്ടവർക്ക് നൽകും. ബഹുമാനപ്പെട്ട അംഗം ആ ശ്രമത്തെ സഹായിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് ആശിക്കുന്നു. തൊഴിലാളികൾ പണിമുടക്കിൽ നിന്ന് പിൻമാറണമെന്നുകൂടിയുള്ള എന്റെ വിനീതമായ അഭ്യർത്ഥനയും അറിയിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : അതിന്റെ അടിസ്ഥാനത്തിൽ പണിമുടക്ക് പിൻവലിക്കാൻ വിവരം കൊടുക്കുക.

LIBRARY ARCHIVES Kerala Legislative Assembly